## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 317 — 17-12-15 ൽ മറുപടിക്ക്

## വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് വകുപ്പിനെ നിഷ്പക്ഷവും കുറ്റമറ്റരീതിയിലും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | എ) വിജിലൻസ് വകുപ്പ് നിലവിൽ നിഷ്പക്ഷവും കുറ്റമറ്റരീതിയിലുമാണ് പ്രവർത്തിക്കുന്നത്. |
| ബി) വിജിലൻസിന്റെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയും നിയമവിരുദ്ധമായ നടപടികളും ജനങ്ങൾക്ക് പ്രസ്തുത വകുപ്പിലുള്ള വിശ്വാസം നഷ്ടപ്പെടുത്തി കൊണ്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ബി) ഇല്ല |
| സി) വിജിലൻസ് അന്വേഷണത്തിലും തുടർ നടപടികളിലും രാഷ്ട്രീയ ഇടപ്പെടൽ ഉണ്ടാകുന്നുണ്ടോ ; ഇത് വഴി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നുണ്ടോ ; | സി) ഇല്ല |
| ഡി) വിജിലൻസിന്റെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ; | ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ സ്വതന്ത്രമായും നിയമ വ്യവസ്ഥകൾക്ക് വിധേയമായുമാണ് പ്രവർത്തിക്കുന്നത്. |
| ഇ) വിജിലൻസ് വകുപ്പിലെ എല്ലാ നിയമനങ്ങളും പി.എസ്.സി വഴി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അത്തരമൊരു നിർദ്ദേശം ഡി.ജി.പി ശിപാർശ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു ? | ഇ) വിജിലൻസ് വകുപ്പിൽ നിലവിൽ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം ഒഴിച്ചുള്ള എല്ലാ തസ്തികകളിലും പി.എസ്.സി മുഖേനയാണ് നിയമനം നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം പി.എസ്.സി മുഖാന്തിരം നടത്തണമെന്ന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ